**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6616** **11-11-2021 - ൽ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ വിജയശതമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ വിജയശതമാനം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ് സർവകലാശാലകളിൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ ഇനിയും ഡിഗ്രി യോഗ്യത നേടാത്ത എത്രപേരുണ്ടെന്ന് അറിയിക്കാമോ; | (ബി) | കേരള സർവ്വകലാശാലയുടെ കീഴിലുള്ള യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് (യു.സി.ഇ) യുടെ 2015/2016/2017 അഡ്മിഷനുകളിലൂടെ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ ഡിഗ്രി യോഗ്യത നേടാത്ത 196 പേരാണുള്ളത്. എം.ജി, കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ് സർവകലാശാലകളിൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ ഇനിയും ഡിഗ്രി യോഗ്യത നേടാത്ത വിദ്യാർത്ഥികളുടെ എണ്ണം താഴെ പറയും പ്രകാരമാണ്. എം.ജി സർവ്വകലാശാല – 2308 കാലിക്കറ്റ് സർവ്വകലാശാല – 14344 കണ്ണൂർ സർവ്വകലാശാല - 3252 കുസാറ്റ് - 5661 |
| (സി) | എ.പി.ജെ. അബ്ദുൽകലാം ശാസ്ത്രസാങ്കേതിക സർവകലാശാലയിൽ ബി ടെക് കോഴ്സിന് 2017 വരെ ചേർന്നിട്ടുള്ള വിദ്യാർഥികൾ എത്രയെന്നും അതിൽ എത്ര പേർ വിജയിച്ചുവെന്നും വിശദമാക്കാമോ? | (സി) | എ.പി.ജെ. അബ്ദുൽകലാം ശാസ്ത്രസാങ്കേതിക സർവകലാശാലയിൽ ബി ടെക് കോഴ്സിന് 2017-2018 അധ്യയന വർഷം വരെ ചേർന്നിട്ടുള്ള 1,03,619 വിദ്യാർത്ഥികളിൽ 68,502 പേർ വിജയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ